**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1582** **11-10-2024 - ൽ മറുപടിയ്ക്ക്**

**വിളപരിപാലന മേഖലയിലെ പദ്ധതിയുടെ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ** | | **ശ്രീ. പി. പ്രസാദ്**<br>**(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | വിളപരിപാലന മേഖലയ്ക്കായി ഈ വർഷം എത്ര തുക വകയിരുത്തിയിട്ടുണ്ട് ; എത്ര തുകയാണ് ചെലവഴിച്ചത്; പ്രസ്തുത പദ്ധതിയുടെ പുരോഗതി എന്താണ്; വിശദമാക്കാമോ? | (എ) | 2024-25 സാമ്പത്തിക വർഷത്തിൽ വിള പരിപാലനവുമായി നേരിട്ട് ബന്ധപ്പെട്ട പദ്ധതികൾക്കായി ആകെ 27357 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. തുക ചെലവഴിച്ചതു സംബന്ധിച്ച വിശദാംശംങ്ങൾ **അനുബന്ധം-1** ആയി ചേർക്കുന്നു.<br><br>പദ്ധതിയുടെ പുരോഗതി സംബന്ധിച്ച വിശദാംശംങ്ങൾ (പച്ചക്കറി വികസന പദ്ധതി – 09/10/2024 വരെയുള്ള ഘടകങ്ങൾ തിരിച്ചുള്ള നേട്ടങ്ങൾ) **അനുബന്ധം-2** ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം -1**

## വിള പരിപാലന മേഖലയുമായി ബന്ധപ്പെട്ട് ചെലവഴിച്ച തുക സംബന്ധിച്ച വിശദാംശംങ്ങൾ

| ക്രമ നം | പദ്ധതി | ബഡ്ജറ്റ് വിഹിതം | 07/10/2024 വരെയുള്ള ചെലവ് | പദ്ധതിയുടെ പുരോഗതി |
|---|---|---|---|---|
| 1 | നെൽ കൃഷി വികസനം | 9360.00 | 2384.96 | നെൽ കൃഷിയിൽ ഉല്പാദനോപാധികൾക്കുള്ള സഹായം 45391.35 ഹെക്ടർ കൃഷിക്ക് നൽകി. നെൽ കൃഷിയിലെ കുമ്മായ ഉപയോഗത്തിന് സഹായം 15506.45 ഹെക്ടറിൽ നൽകി. 251.16 ഹെക്ടറിൽ തരിശുനില കൃഷിക്ക് സഹായം നൽകി. 25.18 ഹെക്ടറിൽ സവിശേഷ നെല്ലിനങ്ങളുടെ കൃഷിക്ക് സഹായം നൽകി. നെൽകൃഷിയിൽ സൂക്ഷ്മ മൂലകങ്ങളുടെ പത്രപോഷണം എന്ന ഘടകത്തിൽ ഉൾപ്പെടുത്തി 275.13 ഹെക്ടറിന് സഹായം നൽകി. പദ്ധതി പുരോഗമിക്കുന്നു. |
| 2 | പച്ചക്കറി വികസനം | 6045.00 | 2747.59 | പദ്ധതിയിൽ ഉൾപ്പെട്ട ഘടകങ്ങളുടെ പുരോഗതി അനുബന്ധം 2-ൽ ചേർത്തിരിക്കുന്നു. |
| 3 | പച്ചക്കറി വികസനം വി.എഫ്.പി.സി.കെ ക്കുള്ള പിന്തുണ | 1800.00 | 540.00 | പദ്ധതിയുടെ ഭാഗമായി 550 ഹെക്ടറിൽ ജൈവ ഉല്പാദനോല്പാധികളുടെ ഉപയോഗത്തിനുള്ള സഹായം, ഹരിത നഗരി പദ്ധതിയുടെ ഭാഗമായി 660 ഗ്രോബാഗ് യൂണിറ്റുകൾ, വിവിധ പരിശീലന പരിപാടികൾ, കർഷക വിപണികൾക്കുള്ള സഹായം, എന്നിവയ്ക്കായി സഹായം നൽകി. പദ്ധതി പുരോഗമിക്കുന്നു. |
| 4 | നാളികേര വികസനം | 6500.00 | 1585.12 | 2023-24 സാമ്പത്തിക വർഷത്തിലെ പദ്ധതിനടത്തിപ്പിന്റെ ഭാഗമായി നൽകേണ്ട തുകയായ 1511 ലക്ഷം രൂപ നൽകി. നാളികേര മിഷന്റെ ഭാഗമായി തെങ്ങിൻ തൈകൾ വിതരണം നടത്തി വരുന്നു. കേരഗ്രാമം പദ്ധതി നടപ്പിലാക്കി വരുന്നു. |
| 5 | സുഗന്ധവ്യഞ്ജനങ്ങളുടെ വികസനം | 460.00 | 113.2 | സുഗന്ധവ്യഞ്ജനങ്ങളായ കുരുമുളക്, ഇഞ്ചി/ മഞ്ഞൾ, ജാതി, ഗ്രാമ്പു, എന്നിവയുടെ വിസ്തൃതി വ്യാപനം 737 ഹെക്ടർ, 226 ഹെക്ടർ, 23 ഹെക്ടർ, 6.4 ഹെക്ടർ എന്നിങ്ങനെ |

| | | | | |
|---|---|---|---|---|
| | | | | പ്രോത്സാഹിപ്പിക്കുന്നതിന് ധനസഹായം നൽകി. രണ്ട് വികേന്ദ്രീകൃത കുരുമുളക് നഴ്സറികളുടെ സ്ഥാപനത്തിന് ധനസഹായം നൽകി . പദ്ധതി പുരോഗമിക്കുന്നു. |
| 6 | പഴങ്ങൾ, പൂക്കൾ, ഔഷധ സസ്യങ്ങൾ എന്നിവയുടെ വികസനം | 1892.00 | 363.93 | ഫലവൃക്ഷ തൈ വിതരണത്തിന്റെ ഭാഗമായി 518920 ഗുണമേന്മയുള്ള ഗ്രാഫ്റ്റുകൾ, ലേയറുകൾ, ടിഷ്യു കൾച്ചർ തൈകൾ, എന്നിവ സംസ്ഥാനത്ത് വിതരണം ചെയ്തു. |
| 7 | വിള വൈവിധ്യകരണം വിള തീവ്രത അവതരണം ( പുതിയ സ്കീം ) | 300.00 | 60.97 | 2023-24 സാമ്പത്തിക വർഷത്തിൽ പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി വന്ന ചെലവായ 48.56 ലക്ഷം രൂപ നടപ്പ സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ നിന്നും നൽകി. പയറ് വർഗ്ഗങ്ങളായ ചെറുപയർ, ഉഴുന്ന് , ചെറുധാന്യങ്ങൾ, എണ്ണ കുരുക്കൾ എന്നിവയുടെ വിസ്തൃതി വ്യാപനത്തിനുള്ള ഘടകങ്ങൾ നടപ്പിലാക്കി വരുന്നു. |
| 8 | പ്രീ-പ്രൊഡക്ഷൻ സപ്പോർട്ട് ഉൾപ്പെടെയുള്ള ഫാം പ്ലാൻ അടിസ്ഥാനമാക്കിയുള്ള പ്രൊഡക്ഷൻ പ്രോഗ്രാം | 1000.00 | — | പദ്ധതി പുരോഗമിക്കുന്നു. |
| | **ആകെ** | **27357.00** | **7795.77** | |

സെക്ഷൻ ഓഫീസർ

അനുബന്ധം -2

**പച്ചക്കറി വികസന പദ്ധതി - 09/10/2024 വരെയുള്ള ഘടകങ്ങൾ തിരിച്ചുള്ള നേട്ടങ്ങൾ**

| ക്രമ നം. | ഘടകത്തിന്റെ പേര് | ഭൗതീക നേട്ടം |
|---|---|---|
| 1 | സങ്കരയിനം പച്ചക്കറി വിത്ത് വിതരണം (100/- രൂപ വില) | 0.63 ലക്ഷം സങ്കരയിനം പച്ചക്കറി വിത്ത് കിറ്റ് വിതരണം ചെയ്തു |
| 2 | സങ്കരയിനം പച്ചക്കറി തൈ വിതരണം (3/- രൂപ വില) | 31.36 ലക്ഷം സങ്കരയിനം പച്ചക്കറി തൈകൾ വിതരണം ചെയ്തു |
| 3 | വിവിധ ഇനം പച്ചക്കറി വിത്ത് വിതരണം (സങ്കരയിനം അല്ലാത്തത്) (10/- രൂപ വില) | 24.28 ലക്ഷം പച്ചക്കറി വിത്ത് കിറ്റ് വിതരണം ചെയ്തു |
| 4 | വിവിധ ഇനം പച്ചക്കറി തൈ വിതരണം (സങ്കരയിനം അല്ലാത്തത്) (2.5 രൂപ വില) | 32.1 ലക്ഷം പച്ചക്കറി തൈകൾ വിതരണം ചെയ്തു |
| 5 | ദീർഘകാല പച്ചക്കറി വിളകളുടെ വിതരണം (15/- രൂപ വില) | 0.58 ലക്ഷം ദീർഘകാല പച്ചക്കറി തൈകൾ വിതരണം ചെയ്തു |
| 6 | മൺചട്ടി/ HDPE ചട്ടികളിൽ ആക്കിയ ഒരു യൂണിറ്റിന് 75% സബ്സിഡി നിരക്കിൽ വിതരണം | 2438 യൂണിറ്റ് വിതരണം ചെയ്തു |
| 7 | വിവിധ മാധ്യമങ്ങൾ മുഖേനയുള്ള പച്ചക്കറി വിത്ത് വിതരണം (5/- രൂപ വില) | 2 ലക്ഷം പച്ചക്കറി വിത്ത് കിറ്റ് വിതരണം ചെയ്തു |
| 8 | വീട്ടുകളിൽ പോഷകത്തോട്ടം നിർമ്മാണം (500/- രൂപ സബ്സിഡി) | 0.07 ലക്ഷം പോഷകത്തോട്ടം നിർമ്മിച്ചു |
| 9 | മഴമറ കൃഷി | 7967 സ്ക്വയർ മീറ്റർ മഴമറ നിർമ്മിച്ചു |
| 10 | തുറസ്സായ സ്ഥലത്തെ കൃത്യതാ കൃഷി (ഒരു ഹെക്ടറിന് 1 ലക്ഷം രൂപ ധനസഹായം) | 31.1 ഹെക്ടർ സ്ഥലത്ത് നടപ്പിലാക്കി |
| 11 | സർക്കാർ/സർക്കാരിതര/സ്വകാര്യ സ്ഥാപനങ്ങളിൽ പ്രോജക്ട് അടിസ്ഥാനത്തിൽ പച്ചക്കറി കൃഷി | 28 സ്ഥാപനങ്ങളിൽ പ്രോജക്ട് അടിസ്ഥാനത്തിൽ പച്ചക്കറി കൃഷി നടപ്പിലാക്കി |
| 12 | വാണിജ്യാടിസ്ഥാനത്തിൽ പച്ചക്കറി കൃഷി - ക്ലസ്റ്റർ ഒന്നിന് പരമാവധി 1 - 1.25 ലക്ഷം രൂപ വരെ ധനസഹായം | 312 ക്ലസ്റ്ററുകളിൽ പച്ചക്കറി കൃഷി നടപ്പിലാക്കി |

| | | |
|---|---|---|
| 13 | ക്ലസ്റ്ററുകളിൽ ഉൾപ്പെടാതെ കൃഷി ചെയ്യുന്ന കൃഷിക്കാർക്ക് സ്റ്റാഗേർഡ് ക്ലസ്റ്റർ | 691.81 ഹെക്ടറിൽ നടപ്പിലാക്കി |
| 14 | ശീതകാല പച്ചക്കറി കൃഷി – ഹെക്ടറൊന്നിന് 30,000/- രൂപ ധനസഹായം | 21.5 ഹെക്ടറിൽ നടപ്പിലാക്കി |
| 15 | പരമ്പരാഗത പച്ചക്കറി ഇനങ്ങളുടെ പ്രോത്സാഹനം-ഹെക്ടറൊന്നിന് 25,000/- രൂപ | 17.35 ഹെക്ടറിൽ പച്ചക്കറി കൃഷി നടപ്പിലാക്കി |
| 16 | പരിശീലനം | 575 പരിശീലന പരിപാടികൾ സംഘടിപ്പിച്ചു |

**സെക്ഷൻ ഓഫീസർ**